പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
ഫോൺ: 0471-2323198
ഇ-മെയിൽ: jdacad@gmail.com

നം.എസിഡി എസ്.പി.സി(4)/113338/2018/എച്ച്.എസ്.ഇ തീയതി. 20/03/2020

# സർക്കുലർ

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി. - അവശേഷിക്കുന്ന ഭരണഘടനാ പഠന ക്ലാസുകൾ നൽകിയ അദ്ധ്യാപകരിൽ നിന്നും വിശദാംശങ്ങൾ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

**സൂചന-**
1) 16/11/2018, 06/12/2018, 01/01/2019, 17/01/2019, 22/01/2019, 24/05/2019, 14/10/2019, 28/02/2020 എന്നീ തീയതികളിലെ 3001/സി.പി.എസ്.ടി.എ-3/2017/ നി.സെ. നമ്പർ കത്തുകൾ.
2) 01/12/2018, 13/12/2018, 18/01/2019, 30/01/2019, 15/02/2019, 19/03/2019, 28/10/2019, 13/02/2020 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.
3) 01/06/2019 തീയതിയിലെ 3531792/പി.എസ്.1/2019/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.

2018-19 അദ്ധ്യയന വർഷത്തിൽ ആയിരം ഭരണഘടനാ ക്ലാസ്സുകൾ നൽകുക എന്ന പരിപാടിയുടെ ഭാഗമായി കേരള നിയമസഭ, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഹയർ സെക്കൻഡറി സ്കൂളുകളിൽ വിവിധ തീയതികളിലായി വിദ്യാർത്ഥികൾക്ക് ഭരണഘടനാ പഠന ക്ലാസുകൾ നൽകിയിട്ടുള്ളതാണ്. അത്തരത്തിൽ പഠന ക്ലാസുകൾ നൽകുകയും വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്ത ഹയർ സെക്കൻഡറി അദ്ധ്യാപകർക്ക് (ആർ.പി.) മുൻവർഷത്തെ നിരക്കിൽ ഓണറേറിയം കേരള നിയമസഭ (പാർലമെന്ററി പഠന പരിശീലന കേന്ദ്രം) യിൽ നിന്നും ടി. അദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത വിശദാംശങ്ങളും അക്കൗണ്ട് വിവരങ്ങളും ഇതുവരെയും ലഭ്യമാക്കിയിട്ടില്ലാത്ത അദ്ധ്യാപകർക്ക് ഓണറേറിയം കൈമാറാൻ കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ എത്രയും പെട്ടെന്ന് പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 28/02/2020 തീയതിയിലെ സൂചന (1) ലെ കത്ത് മുഖേന കേരള നിയമസഭയിൽ നിന്നും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഭരണഘടന ക്ലാസുകൾ നൽകുകയും ആയതിന്റെ വിശദാംശങ്ങൾ ഇതുവരെയും ലഭ്യമാക്കിയിട്ടില്ലാത്ത ഹയർ സെക്കൻഡറി റിസോഴ്സ്

അദ്ധ്യാപകർ അടിയന്തിരമായി പ്രസ്തുത ക്ലാസുകൾ നൽകിയ വിശദാംശങ്ങളും ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പും സാക്ഷ്യപത്രങ്ങളും മൊബൈൽ നമ്പറും സഹിതം cpsta@niyamasabha.nic.in , jdacad@gmail.com എന്നീ ഇ-മെയിൽ വിലാസങ്ങളിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

NB: കൂടുതൽ വിശദാംശങ്ങൾക്ക് **0471-2323198** എന്ന ഫോൺ നമ്പരിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.വിശദാംശങ്ങൾ ലഭ്യമാക്കാത്തപക്ഷം അക്കൗണ്ട് സെറ്റിൽ ചെയ്യുന്നതിന് സാധിക്കുന്നതല്ല.

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**

| അദ്ധ്യാപകന്റെ പേര്, സ്കൂൾ, മൊബൈൽ നമ്പർ | ഭരണഘടനാ ക്ലാസുകൾ നയിച്ച സ്കൂളുകൾ | ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ബ്രാഞ്ച്, ഐ.എഫ്.എസ്.കോഡ് |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |